## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **30-06-2022 - ൽ മറുപടിയ്ക്ക്**

## അമരവിള-പുല്ലാമലയിൽ ബണ്ട് പുനർനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിള-പുല്ലാമലയിൽ വെള്ളപ്പൊക്കത്തിൽ തകർന്ന ബണ്ട് പുനർനിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ തകർന്ന അമരവിള -പുല്ലാമല ബണ്ട് പുനർ നിർമ്മിക്കുന്നതിനായി 327 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2018 നവംബർ മാസത്തിൽ തയ്യാറാക്കിയിരുന്നു. എന്നാൽ ബണ്ടിന്റെ തകർച്ചയുടെ വ്യാപ്തി വലുതായതിനാൽ മണ്ണ് പര്യവേഷണം നടത്തി വിശദമായ പഠനം നടത്തി രൂപരേഖ തയ്യാറാക്കി നിർമ്മാണം നടത്തേണ്ടിയിരുന്നു. ആയതിന്റെ പ്രാരംഭ നടപടിയായി പുല്ലാമല ബണ്ട് പ്രദേശത്തു മണ്ണ് പര്യവേഷണം നടത്തുന്നതിലേക്കായി 1.24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും മണ്ണ് പര്യവേഷണം പൂർത്തീകരി ക്കുകയും ചെയ്തു.<br><br>പ്രസ്തുത സ്ഥലത്തു ഗാബിയോൺ ഉപയോഗിച്ച് ബണ്ട് പുനഃനിർമ്മിക്കു ന്നതിലേക്കായി ഐ.ഡി.ആർ.ബി. ചീഫ് എൻജിനീയറിൽ നിന്നും ലഭ്യമാക്കിയ ഡിസൈൻ പ്രകാരം Price-3 -യിൽ 370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക്, പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടപ്പ സാമ്പത്തിക വർഷം സ്വീകരിക്കാവു ന്നതാണ്. |
| (ബി) | എത്രകോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ തകർന്ന അമരവിള -പുല്ലാമല ബണ്ട് പുനർ നിർമ്മിക്കുന്നതിനായി 327 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2018 നവംബർ മാസത്തിൽ തയ്യാറാക്കിയിരുന്നു. എന്നാൽ ബണ്ടിന്റെ തകർച്ചയുടെ വ്യാപ്തി വലുതായതിനാൽ മണ്ണ് പര്യവേഷണം നടത്തി വിശദമായ പഠനം നടത്തി രൂപരേഖ തയ്യാറാക്കി നിർമ്മാണം നടത്തേണ്ടിയിരുന്നു. ആയതിന്റെ പ്രാരംഭ നടപടിയായി പുല്ലാമല ബണ്ട് പ്രദേശത്തു മണ്ണ് പര്യവേഷണം നടത്തുന്നതിലേക്കായി 1.24 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും മണ്ണ് പര്യവേഷണം പൂർത്തീകരി ക്കുകയും ചെയ്തു.<br><br>പ്രസ്തുത സ്ഥലത്ത് ഗാബിയോൺ ഉപയോഗിച്ച് ബണ്ട് പുനഃനിർമ്മിക്കു ന്നതിലേക്കായി ഐ.ഡി.ആർ.ബി. ചീഫ് എൻജിനീയറിൽ നിന്നും ലഭ്യമാക്കിയ ഡിസൈൻ പ്രകാരം Price-3 -യിൽ 370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക്, പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടപ്പ സാമ്പത്തിക വർഷം സ്വീകരിക്കാവു ന്നതാണ്. |
| (സി) | ഭരണാനുമതി ലഭിക്കുന്നതിന് ഇനി ഏതൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നു അറിയിക്കാമോ? | (സി) | 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ തകർന്ന അമരവിള -പുല്ലാമല ബണ്ട് പുനർ നിർമ്മിക്കുന്നതിനായി 327 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2018 നവംബർ മാസത്തിൽ തയ്യാറാക്കിയിരുന്നു. എന്നാൽ ബണ്ടിന്റെ തകർച്ചയുടെ വ്യാപ്തി വലുതായതിനാൽ മണ്ണ് പര്യവേഷണം നടത്തി വിശദമായ പഠനം നടത്തി രൂപരേഖ തയ്യാറാക്കി നിർമ്മാണം നടത്തേണ്ടിയിരുന്നു. ആയതിന്റെ പ്രാരംഭ നടപടിയായി പുല്ലാമല ബണ്ട് പ്രദേശത്ത് മണ്ണ് പര്യവേഷണം നടത്തുന്നതിലേക്കായി 1.24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും മണ്ണ് പര്യവേഷണം പൂർത്തീകരി ക്കുകയും ചെയ്തു.<br><br>പ്രസ്തുത സ്ഥലത്ത് ഗാബിയോൺ ഉപയോഗിച്ച് ബണ്ട് പുനഃനിർമ്മിക്കു ന്നതിലേക്കായി ഐ.ഡി.ആർ.ബി. ചീഫ് എൻജിനീയറിൽ നിന്നും ലഭ്യമാക്കിയ ഡിസൈൻ പ്രകാരം Price-3 -യിൽ 370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക്, പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടപ്പ സാമ്പത്തിക വർഷം സ്വീകരിക്കാവു ന്നതാണ്. |

സെക്ഷൻ ഓഫീസർ